ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എസ്. സി/എസ്. ടി. വിഭാഗത്തിൽപ്പെട്ട 5 പേരെ എക്സിക്യൂട്ടീവ് എഞ്ചിനീയറായും 11 പേരെ അസിസ്റ്റന്റ് എഞ്ചിനീയറായും 121 പേരെ സബ് എഞ്ചിനീയറായും ഒരാളെ റീജിയണൽ പേഴ്സണൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

(ബി-ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട 1998-ലെ റിട്ട് അപ്പീൽ നമ്പർ 677, 630, 1509, 1844, 1846, 1905 ഒ. പി. നമ്പർ 5777/99 എന്നീ കേസുകളിലെ പൊതുവായ വിധിന്യായപ്രകാരം കെ. എസ്. ഇ. ബോർഡിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകയിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് (എസ്. സി/എസ്. ടി. വിഭാഗം) മുഖേന നടന്ന നിയമനങ്ങൾ അസാധുവാണെന്നും അങ്ങനെ നിയമിക്കപ്പെട്ടവർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി തുടരാമെങ്കിലും അവരുടെ ഇനിമേലുള്ള സീനിയോറിറ്റി അവരുടെ ആദ്യത്തെ തസ്തികയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ ആയിരിക്കുമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, എന്നീ തസ്തികകളിലേയ്ക്കുള്ള അവരുടെ പ്രൊമോഷനുകൾ റദ്ദാക്കുകയും ആ ഒഴിവുകളിലേയ്ക്ക് നിയമപ്രകാരം അർഹരായവർക്ക് പ്രൊമോഷൻ കൊടുക്കാനും വിധിച്ചിട്ടുണ്ട്.

പ്രസ്തുത വിധി ബാധിക്കപ്പെട്ട രണ്ട് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ച അപ്പീൽ, ടി നിയമനങ്ങൾ അനുകരിച്ചുകൊണ്ട് ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാടു തന്നെ സ്വീകരിക്കാൻ ബോർഡ് സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിനോടൊപ്പം സർക്കാരും ഈ കേസിലെ എതിർകക്ഷിയാണ്. ഹൈക്കോടതി വിധിന്യായം ഇപ്പോൾ നിലനിൽക്കുകയാണ്. മേൽ വിധി ന്യായത്തിൻമേൽ സുപ്രീം കോടതിയുടെ തീരുമാനം കൂടി അറിഞ്ഞതിന് ശേഷമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

പൂർണ്ണ ശമ്പളം നൽകാത്തതിനു കാരണം

23 (4631) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-1-2002-ന് മുമ്പായി പി. എസ്. സി. അഡ്വൈസ് ചെയ്യുകയും അതിനുശേഷം സർവ്വീസിൽ പ്രവേശിക്കുകയും ചെയ്ത ജീവനക്കാർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകണമെന്ന സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 16-1-2002-നുശേഷം നിയമനം ലഭിച്ചവർക്ക് 2003 ജൂൺ മുതൽ പൂർണ്ണ ആനുകൂല്യങ്ങൾ നൽകണമെന്ന സർക്കാർ ഉത്തരവ് കെ. എസ്. ഇ. ബി. യിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) പ്രസ്തുത സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

സീനിയർ സൂപ്രണ്ട് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

24 (4632) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ സീനിയർ സൂപ്രണ്ട് റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചു ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്നു വരെയാണ് ഉള്ളത് ;

(സി) ഈ റാങ്ക് ലിസ്റ്റിൽ എസ്. ടി. റാങ്ക് ലിസ്റ്റിൽ റാങ്ക് നമ്പർ 4-ാംമത് ഉള്ള ഷേർളി ജോണിന് എന്നത്തേക്ക് നിയമനം കൊടുക്കാൻ സാധിക്കുമെന്ന് പറയുമോ ?

ഉത്തരം

(എ) അഞ്ചു പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്.

(ബി) 19-6-2003 വരെ.

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകളൊന്നും ഇല്ല.

ഇലക്ട്രിസിറ്റി ബോർഡിലെ സ്ഥലം മാറ്റങ്ങൾ

25 (4633) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് മുതൽ ഇലക്ട്രിസിറ്റി ബോർഡിൽ എത്ര സ്ഥലമാറ്റ ഉത്തരവുകൾ നടത്തിയിട്ടുണ്ട് ;

(ബി) നോംസ് തെറ്റിച്ച് എത്ര പേരെ സ്ഥലം മാറ്റിയിട്ടുണ്ട് ; അവർ ആരെല്ലാം ; എന്തു കാരണത്താലാണ് ഇവരെ സ്ഥലം മാറ്റിയത് ;

(സി) പ്രസ്തുത സ്ഥലംമാറ്റ ഉത്തരവുകളിൽ നിന്നും എത്ര പേരുടെ സ്ഥലമാറ്റം കാൻസൽ ചെയ്തിട്ടുണ്ട്; എന്തു കാരണങ്ങളാലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ട്രാൻസ്ഫർ ഓർഡറിൽ നിന്നും കാൻസൽ ചെയ്തവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) ട്രാൻസ്ഫറിലെ അവിഹിത ഇടപെടലുകൾ ആരോപിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്രപേർ കോടതിയെ സമീപിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly